"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ക്വാറി പ്രവർത്തനത്തിന് ആവശ്യമായ എല്ലാ ലൈസൻസുകളും ലഭിച്ചിട്ടുള്ള പക്ഷം, പതിച്ചു നൽകിയ ഭൂമി ക്വാറിയിങ് പ്രവർത്തനത്തിന് വേണ്ടി ക്രമവൽക്കരിക്കുന്ന സമയത്ത് ഫീസ് അടയ്ക്കാം എന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിലും, ഈടാക്കേണ്ട സെക്യൂരിറ്റി തുക ബാങ്ക് ഗ്യാരണ്ടിയായി സ്വീകരിച്ച് കൊണ്ടും, ക്വാറി പ്രവർത്തനത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു ) വകുപ്പ്**

സ.ഉ.(കൈ) നം.106/2026/RD തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. രജിസ്റ്റേർഡ് മെറ്റൽ ക്രഷർ യൂണിറ്റ് ഓണേഴ്സ് അസോസിയേഷന്റെ സെക്രട്ടറിയുടെ 3.11.2025 ലെ അപേക്ഷ
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 8.1.2026 ലെ 12368/2025/LR(J11) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2025 ലെ കേരള ഭൂമി പതിവ് (വ്യവസ്ഥാ ലംഘനങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ നിലവിൽ വന്നെങ്കിലും, ഫീസ് സ്വീകരിക്കുന്ന ഓൺലൈൻ പോർട്ടലും, അനുബന്ധ സംവിധാനങ്ങളും സാങ്കേതിക പ്രശ്നങ്ങൾ കാരണം നിലവിൽ വരുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ, ഓൺലൈൻ പോർട്ടലും, അനുബന്ധ സംവിധാനങ്ങളും നിലവിൽ വരുന്നതുവരെ സെക്യൂരിറ്റി തുക സ്വീകരിച്ചു കൊണ്ട് നിലവിലുള്ള മെറ്റൽ ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും തുടരുന്നതിനും അനുവദിക്കണമെന്ന് രജിസ്റ്റേർഡ് മെറ്റൽ ക്രഷർ യൂണിറ്റ് അസോസിയേഷന്റെ സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2025 ലെ കേരള ഭൂമി പതിവ് (വ്യവസ്ഥാ ലംഘനങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് സ്വീകരിക്കുന്ന ഓൺലൈൻ സംവിധാനം നിലവിൽ വരുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ, ക്വാറി പ്രവർത്തനത്തിന് ആവശ്യമായ മറ്റ് എല്ലാ ലൈസൻസുകളും ലഭിച്ചിട്ടുള്ളപക്ഷം ധനകാര്യ വകുപ്പും നിയമ വകുപ്പും അംഗീകരിക്കുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ, പതിച്ചു നൽകിയ ഭൂമി ക്വാറിയിങ് പ്രവർത്തനത്തിനുവേണ്ടി ക്രമവൽക്കരിക്കുന്ന സമയത്ത് ചട്ടപ്രകാരമുള്ള ഫീസ് അടച്ചുകൊള്ളാം എന്ന് സത്യവാങ്മൂലം ക്വാറി ഉടമകളിൽ നിന്നും വാങ്ങിക്കൊണ്ടും, ക്വാറി ഉടമകളിൽ നിന്നും ചട്ടപ്രകാരം ഈടാക്കേണ്ടതായ തുക ബാങ്ക് ഗ്യാരണ്ടിയായി വാങ്ങിക്കൊണ്ടും പ്രവർത്തിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇതു സംബന്ധിച്ച സത്യവാങ്മൂലത്തിന്റെയും, ബാങ്ക് ഗാരന്റിയുടെയും മാതൃക സർക്കാർ പുറപ്പെടുവിക്കുന്നതാണ്

4. നിയമപരമായ നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ് ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ് സി വകുപ്പ് ) - 15.10.2025 ലെ ഇനം നമ്പർ 3804 പ്രകാരം.
ധനകാര്യ (EXP-D) വകുപ്പ്
നിയമ (OPN -G) വകുപ്പ്
സെക്രട്ടറി, RMCU Kerala State Committee)
പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 05-03-2026 16:05:20

പകർപ്പ് :- ബഹു മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി.
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ സി എ.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 02-03-2026**

ഫയൽ നം. യു3/184/2024/റവന്യൂ. ഇനം നം: 3804

വിഷയം : റവന്യൂ വകുപ്പ് - പാറ ഖനനത്തിന് അനുമതി നൽകുന്നതിനായി ഓൺലൈൻ സംവിധാനം നിലവിൽ വരുവാൻ കാലതാമസം നേരിടുമെന്നതിനാൽ ക്വാറിയിങ് പ്രവർത്തനങ്ങൾക്ക് ഫീസ് അടക്കുന്നതിലേക്കായി താൽക്കാലികമായി അഫിഡവിറ്റും, ട്രഷറി ഡെപ്പോസിറ്റും വാങ്ങി അനുമതി നൽകുന്നത്.

തീരുമാനം : ക്വാറി പ്രവർത്തനത്തിന് ആവശ്യമായ മറ്റ് എല്ലാ ലൈസൻസുകളും ലഭിച്ചിട്ടുള്ളപക്ഷം, ധനകാര്യ വകുപ്പും നിയമ വകുപ്പും അംഗീകരിക്കുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ പതിച്ചു നൽകിയ ഭൂമി ക്വാറിയിങ് പ്രവർത്തനത്തിനുവേണ്ടി ക്രമവൽക്കരിക്കുന്ന സമയത്ത് ചട്ടപ്രകാരമുള്ള ഫീസ് അടച്ചുകൊള്ളാം എന്ന് സത്യവാങ്മൂലം ക്വാറി ഉടമകളിൽ നിന്നും വാങ്ങിക്കൊണ്ടും, ക്വാറി ഉടമകളിൽ നിന്നും ചട്ടപ്രകാരം ഈടാക്കേണ്ടതായ തുക ബാങ്ക് ഗ്യാരണ്ടിയായി വാങ്ങിക്കൊണ്ടും പ്രവർത്തിക്കുവാൻ അനുമതി നൽകുന്നതിന് തീരുമാനിച്ചു.

കൂടാതെ കുറിപ്പിലെ ഖണ്ഡിക (6)-ൽ "ഖണ്ഡിക 16-ലെ" എന്ന പരാമർശം ഒഴിവാക്കാനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3804

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | യു3/184/2024/റവന്യ |
| 2 | വകുപ്പ് | റവന്യ (യു) വകുപ്പ് |
| 3 | വിഷയം | പാറ ഖനനത്തിന് അനുമതി നൽകുന്നതിനായി ഓൺലൈൻ സംവിധാനം നിലവിൽ വരുവാൻ കാലതാമസം നേരിട്ടുമെന്നതിനാൽ ക്വാറിയിങ് പ്രവർത്തനങ്ങൾക്ക് ഫീസ് അടക്കുന്നതിലേക്കായി താത്കാലികമായി അഫിഡവിറ്റും, ട്രഷറി ഡെപ്പോസിറ്റും വാങ്ങി അനുമതി നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 07/02/2026 |
| 5 (i) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അല്ല |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, നിയമ വകുപ്പിന്റെ |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ഗീത എ |
| 8 | കുറിപ്പ് സമർപ്പിച്ച സെക്രട്ടറിയുടെ പേര് | ശ്രീ എം ജി രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 28/02/2026 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 28/02/2026 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 01/03/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 01/03/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പതിച്ചു നൽകിയ ഭൂമിയിൽ പ്രവർത്തിച്ചുവരുന്ന ക്വാറികളെ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങൾ ആയെങ്കിലും ഫീസ് സ്വീകരിക്കുന്ന പോർട്ടലുമായി ബന്ധപ്പെട്ടുള്ള സാങ്കേതിക പ്രശ്നങ്ങൾ കാരണം കാലതാമസം നേരിടുന്ന സാഹചര്യത്തിൽ ഫീസ് ക്രമവൽക്കരിക്കുന്ന സമയത്ത് ആയത് അടച്ചുകൊള്ളാം എന്നുള്ള സത്യവാങ്മൂലം ക്വാറി ഉടമകളിൽ നിന്നും വാങ്ങിക്കൊണ്ട് അനുമതി നല്കാവുന്നതാണോ എന്ന വിഷയമാണ് ഈ നോട്ടിൽ പ്രതിപാദിക്കുന്നത്.

2) Kerala Government Land Assignment (Regularization of Contravention) Rules, 2025 SRO No.1201. G O (P) NO 418.2025 പ്രകാരം നിലവിൽ വന്നു. തുടർന്ന് അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിലേക്ക് Authorized Officer, Competent Authority എന്നിവരെ നിശ്ചയിച്ചുകൊണ്ടുള്ള SRO (SRO 25/2026 dated 1.1.2026, SRO No.26/2026 dated 1.1.2026) വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ചട്ട പ്രകാരമുള്ള അപേക്ഷ ഫീസ് ഒടുക്കുന്നതിനായി '0029-00-800-86'എന്ന വരവ് ശീർഷകവും, നിയമലംഘനം ക്രമപ്പെടുത്തുന്നതിനുള്ള ഫീസ് ഒടുക്കുന്നതിനായി '0029-00-800-85'എന്ന വരവ് ശീർഷകവും നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുവദിച്ചുകൊണ്ട് G.O. (Rt) No. 258/2026/Fin Dated, 11-January-2026 ഉത്തരവായിട്ടുണ്ട്. ഫാറം എ,ബി,ഡി എന്നിവയിലുള്ള അപേക്ഷകൾക്ക് സർക്കാർ നിശ്ചയിക്കുന്ന ഫീസ് ഒടുക്കുന്നതിലേക്കായി ഫാറം എ,ബി എന്നിവയിലെ അപേക്ഷകൾക്ക് 10 രൂപയും ഫാറം ഡി യിലെ അപേക്ഷക്ക് 100 രൂപയും നിശ്ചയിച്ച ഉത്തരവായിട്ടുണ്ട്.

3) അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനായി software develop ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4) സർക്കാരിന്റെ ഓൺലൈൻ പോർട്ടലും അനുബന്ധ സംവിധാനങ്ങളും സജീവമാകുന്നതുവരെ Security deposit ആയി സ്വീകരിച്ചുകൊണ്ട് നിലവിലുള്ള ഫാക്ടറികളുടെ പ്രവർത്തനങ്ങൾ തുടരാൻ അനുമതി ആവശ്യപ്പെട്ടുകൊണ്ട് RMCU സെക്രട്ടറി അപേക്ഷ ലഭ്യമാക്കുകയും ആയതിന്റെ സാധ്യത സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറോട് അഭിപ്രായം ആരായുകയും, പ്രസ്തുത ചട്ടങ്ങൾ പ്രകാരം പട്ടയഭൂമിയുടെ ഉപയോഗ മാറ്റം ക്രമവൽക്കരിച്ചു നൽകുക മാത്രമാണ് ചെയ്യുന്നത് എന്നും Kerala Government Land Assignment (Regularization of Contravention) Rules, 2025 ന് കീഴിൽ ക്രമവൽക്കരണം

അനുവദിക്കുന്നതിനായി സെക്യൂരിറ്റി നിക്ഷേപം ഈടായി സ്വീകരിച്ചുകൊണ്ട് നിലവിലുള്ള പ്രവർത്തനങ്ങൾ തുടരാൻ അനുവദിക്കാൻ ചട്ടത്തിൽ വ്യവസ്ഥയില്ലാ എന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

5. വ്യവസായ വകുപ്പിൽ നിന്നും ലഭ്യമായിട്ടുള്ള 03/02/2026-ലെ, മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം ചുവടെ ചേർക്കുന്നു:

*"പതിച്ചു നൽകിയ ഭൂമിയിൽ പ്രവർത്തിച്ചുവരുന്ന ക്വാറികളെ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങൾ ആയെങ്കിലും ഫീസ് സ്വീകരിക്കുന്ന പോർട്ടലുമായി ബന്ധപ്പെട്ടുള്ള സാങ്കേതിക പ്രശ്നങ്ങൾ കാരണം കാലതാമസം നേരിടുന്ന സാഹചര്യത്തിൽ ഫീസ് ക്രമവൽക്കരിക്കുന്ന സമയത്ത് ആയത് അടച്ചുകൊള്ളാം എന്നുള്ള ഒരു സത്യവാങ്മൂലം ക്വാറി ഉടമകളിൽ നിന്നും വാങ്ങിക്കൊണ്ട് പ്രവർത്തിക്കുവാൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്".*

6. തുടർന്ന്, പാറഖനനത്തിന് വേണ്ടി അനുമതി നൽകുന്നതിനായി ഓൺലൈൻ സംവിധാനം നിലവിൽ വരാൻ കാലതാമസം നേരിടുമെന്നതിനാൽ സർക്കാർ ആവശ്യങ്ങൾക്കുൾപ്പെടെ പാറയുടെ ദൗർലഭ്യം ഉണ്ടാകാനിടയുള്ളതിനാലും, മഴക്കാലത്തിന് മുമ്പായി പാറ ഖനനം നടത്തേണ്ടതുള്ളതിനാലും അടിയന്തര സാഹചര്യം പരിഗണിച്ച് താത്കാലികമായി ഒരു അഫിഡവിറ്റ് വാങ്ങിക്കൊണ്ടു അനുമതി നല്കാവുന്നതാണോ എന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു. റവന്യൂ മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ *ഖണ്ഡിക 16 ലെ നിർദ്ദേശങ്ങൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ* ബഹു.മുഖ്യമന്ത്രി ഉത്തരവായി.

7. മന്ത്രിസഭാ യോഗകുറിപ്പ് സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ഇപ്രകാരം ഉത്തരവായി:

*Please clarify whether the proposal involves any financial commitment or financial implications. If so, action may be taken to obtain the views of the Finance Department.*

*Please examine and report whether the proposal entails any deviation or variation from the existing rules, regulations, or prescribed procedures.*

*If so, comments of the Law Department must be obtained.*

*Please attach the draft format of the affidavit as an annexure to the note.*

*Create part files and obtain remarks of FD and Law* ***today Itself*** *and resubmit for placing before Cabinet meeting scheduled on 24.02.2026*

8. ആയത് പ്രകാരം നിയമവകുപ്പിന്റെയും ധനകാര്യവകുപ്പിന്റെയും അഭിപ്രായത്തിനായി part
ഫയൽ സമർപ്പിക്കുകയുണ്ടായി. നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ കാണാവുന്നതാണ്:

ക്വാറി അനുമതി ലഭിച്ചിട്ടുള്ള പട്ടയഭൂമിയിൽ Kerala Government Land Assignment
(Regularization of Contravention) Rules 2025 പ്രകാരം ക്രമവൽക്കരണം
അനുവദിക്കുന്നതിനായി സെക്യൂരിറ്റി നിക്ഷേപം ഈടായി സ്വീകരിച്ചുകൊണ്ട് നിലവിലുള്ള
പ്രവർത്തനങ്ങൾ തുടരാൻ അനുവദിക്കുന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായമാണ്
ഭരണവകുപ്പ് ആരാഞ്ഞിരിക്കുന്നത്.

2025 ലെ Kerala Government Land Assignment (Regularization of Contravention) Rules പ്രകാരം
ക്രമവൽക്കരണം നടത്തി നൽകുന്നതിന് നിശ്ചിത ഫീസ് ഒടുക്കുവാൻ ടി ചട്ടത്തിൽ വ്യവസ്ഥ
ചെയ്തിട്ടുള്ളതാണ്. ടി ചട്ടത്തിലെ ചട്ടം 4 പ്രകാരം ചട്ടം 3 പ്രകാരം, വിവക്ഷിക്കാത്ത ക്രമൽ
ക്കരണം സംബന്ധിച്ചാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ക്രമവൽക്കരണം
അനുവദിക്കുന്നതിനായി സെക്യൂരിറ്റി നിക്ഷേപം ഈടായി സ്വീകരിച്ചുകൊണ്ട് നിലവിലുള്ള
പ്രവർത്തനങ്ങൾ തുടരാൻ അനുവദിക്കുന്നതിന് ചട്ടത്തിൽ വ്യവസ്ഥയില്ല എന്ന് കാണുന്നു. 2025
ലെ Kerala Government Land Assignment (Regularization of Contravention) Rules പ്രകാരം
ക്രമവൽക്കരണ ഉത്തരവ് ലഭ്യമാകുന്നതുവരെ നിയമ നടപടികൾ പാലിക്കാതെയുള്ള പ്രവർ
ത്തനങ്ങൾ നിയമലംഘനങ്ങളായി മാത്രമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. പട്ടയ
വ്യവസ്ഥാ ലംഘനങ്ങൾ ക്രമവൽക്കരിക്കുന്നതിന് ടി ചട്ടത്തിൽ വ്യക്തമായ
വ്യവസ്ഥകളുള്ളതാണ്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം പട്ടയഭൂമിയുടെ ഉപയോഗ മാറ്റം ക്രമവൽ
ക്കരിച്ച് നൽകുക മാത്രമാണ് ചെയ്യുന്നത്. പട്ടയ ഭൂമിയുടെ ഏതെങ്കിലും പ്രവർത്തനങ്ങൾക്ക്
വേണ്ട ലൈസെൻസ്/പെർമിറ്റോ അനുവദിക്കുകയോ സാധൂകരിക്കുകയോ ചെയ്യുന്നില്ല എന്ന
ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിനോട് ഈ വകുപ്പ് യോജിക്കുന്നു. എന്നാൽ ക്രമവൽ
ക്കരിക്കുന്ന സമയത്ത് ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് അടച്ചുകൊള്ളാമെന്ന സത്യാങ്മൂലത്തിന്റെ
അടിസ്ഥാനത്തിൽ ക്വാറി പ്രവർത്തിക്കുന്നുള്ള അനുമതി നൽകുന്നതിന് സർക്കാർ തലത്തിൽ
നയപരമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

9. ധനകാര്യവകുപ്പ് ചുവടെ ചേർത്ത പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട് .

2025 ലെ Kerala Government Land Assignment (Regularization of Contravention) Rules പ്രകാരം ക്രമവൽക്കരണ ഉത്തരവ് ലഭ്യമാകുന്നതുവരെ നിയമ നടപടികൾ പാലിക്കാതെയുള്ള പ്രവർത്തനങ്ങൾ നിയമലംഘനങ്ങളായി മാത്രമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ എന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ക്രമവൽക്കരിക്കുന്ന സമയത്ത് ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് അടച്ചുകൊള്ളാമെന്ന സത്യാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ക്വാറി പ്രവർത്തിക്കാനുള്ള അനുമതി നൽകുന്നതിന് സർക്കാർ തലത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്നും നിയമവകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. അഫിഡവിറ്റ് ലഭ്യമാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക നിർദേശം നല്കിയെങ്കിലും ആയതു ലഭ്യമായിട്ടില്ല എന്ന് ഫയലിൽ സൂചിപ്പിച്ചിരിക്കുന്നു. സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാകാത്ത സഹചര്യത്തിൽ, ഇത്തരം ഒരു സത്യവാങ്മൂലം നിയമപരമായി നിലനില്ക്കുമോ എന്നതിലും വ്യക്തത ഇല്ല. ഇത് വഴി സർക്കാറിന് ഉണ്ടാകാൻ സാധ്യത ഉള്ള സാമ്പത്തിക ബാധ്യത സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഭരണ വകുപ്പ് ഫയലിലെ വിഷയം പരിശോധിക്കുന്നതിന് ആവശ്യമായ പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ധനവകുപ്പിന് ആധികാരികമായ അഭിപ്രായം രേഖപ്പെടുത്താൻ നിർവാഹമില്ല എന്നും ക്വാറി അനുമതി ലഭിച്ചിട്ടുള്ള പട്ടയഭൂമിയിൽ Kerala Government Land Assignment (Regularization of Contravention) Rules 2025 പ്രകാരം ക്രമവൽക്കരണം അനുവദിക്കുന്നതിനായി സെക്യൂരിറ്റി നിക്ഷേപം ഈടായി സ്വീകരിച്ചുകൊണ്ട് നിലവിലുള്ള പ്രവർത്തനങ്ങൾ തുടരാൻ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കു സമർപ്പിക്കുകയാണെങ്കിൽ, സെക്യൂരിറ്റി തുക ബാങ്ക് ഗ്യാരണ്ടിക്ക് പകരം ട്രഷറി ഡെപ്പോസിറ്റ് ആയി നൽകണമെന്ന നിർദേശം കൂടി സത്യവാങ്മൂലത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു.

10. അഫിഡവിറ്റ് ലഭ്യമാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക നിർദേശം നൽകിയിരുന്നുവെങ്കിലും ആയത് ലഭ്യമായിട്ടില്ല.

11. നിയമ വകുപ്പിന്റെയും, ധനകാര്യ വകുപ്പിൻ്റെയും അഭിപ്രായം ലഭ്യമാക്കി മന്ത്രിസഭാ യോഗകുറിപ്പ് സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ഇപ്രകാരം ഉത്തരവായി.

സത്യവാങ്മൂലം നൽകി അനുമതി നൽകിയാലും പതിച്ചു നൽകിയ ഭൂമി ക്വാറിയിങ് പ്രവർത്തനം എന്ന ആവശ്യത്തിനായി ക്രമവത്ക്കരിക്കാതെ ക്വാറി പ്രവർത്തിക്കുന്നത് നിയമലംഘനമാണ് എന്ന നിയമവകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളതും, നിയമ വകുപ്പിന്റെ

അഭിപ്രായത്തിന് പിന്തുണച്ച് കൊണ്ട് ഇത്തരം ഒരു തീരുമാനം മന്ത്രിസഭാ എടുത്താലും സത്യവാങ്മൂലത്തിന്റെ അഭാവത്തിൽ കൃത്യമായ പരിശോധന നടത്താൻ കഴിയില്ല എന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളതും ശ്രദ്ധയിൽ കൊണ്ടുവരുന്നു. എന്നിരുന്നാലും മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവായിട്ടുള്ളതിനാൽ തീരുമാനമെടുക്കേണ്ട വിഷയം താഴെ പറയുന്ന രീതിയിൽ തിരുത്തൽ വരുത്തി കുറിപ്പ് ഉടനെ പുനസമർപ്പിക്കുക.

ക്വാറി പ്രവർത്തനത്തിന് ആവശ്യമായ മറ്റു എല്ലാ ലൈസന്സുകളും ലഭിച്ചിട്ടുള്ള പക്ഷം ധനകാര്യവകുപ്പും നിയമ വകുപ്പും അംഗീകരിക്കുന്ന സത്യവാങ്മൂലത്തിൻ്റെ അടിസ്ഥാനത്തിൽ, പതിച്ചു നൽകിയ ഭൂമി ക്വാറിയിങ് പ്രവർത്തനത്തിന് വേണ്ടി ക്രമവൽക്കരിക്കുന്ന സമയത്ത് fees അടച്ചുകൊള്ളാം എന്ന സത്യവാങ്മൂലം ക്വാറി ഉടമകളിൽ നിന്നും വാങ്ങിക്കൊണ്ടും, ക്വാറി ഉടമകളിൽ നിന്നും ഈടാക്കേണ്ടതായ സെക്യൂരിറ്റി തുക ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടത് പ്രകാരം, ബാങ്ക ഗ്യാരണ്ടിക്ക് പകരം ട്രഷറി ഡെപ്പോസിറ്റ് ആയി വാങ്ങിക്കൊണ്ടും പ്രവർത്തിക്കുവാൻ അനുമതി നൽകാവുന്നതാണോ ?

12. മേൽ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

ക്വാറി പ്രവർത്തനത്തിന് ആവശ്യമായ മറ്റു എല്ലാ ലൈസൻസുകളും ലഭിച്ചിട്ടുള്ള പക്ഷം, ധനകാര്യവകുപ്പും നിയമ വകുപ്പും അംഗീകരിക്കുന്ന സത്യവാങ്മൂലത്തിൻ്റെ അടിസ്ഥാനത്തിൽ, പതിച്ചു നൽകിയ ഭൂമി ക്വാറിയിങ് പ്രവർത്തനത്തിന് വേണ്ടി ക്രമവൽക്കരിക്കുന്ന സമയത്ത് fees അടച്ചുകൊള്ളാം എന്ന സത്യവാങ്മൂലം ക്വാറി ഉടമകളിൽ നിന്നും വാങ്ങിക്കൊണ്ടും, ക്വാറി ഉടമകളിൽ നിന്നും ഈടാക്കേണ്ടതായ സെക്യൂരിറ്റി തുക ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടത് പ്രകാരം, ബാങ്ക് ഗ്യാരണ്ടിക്ക് പകരം ട്രഷറി ഡെപ്പോസിറ്റ് ആയി വാങ്ങിക്കൊണ്ടും പ്രവർത്തിക്കുവാൻ അനുമതി നല്കാവുന്നതാണോ ?